വർദ്ധിപ്പിക്കുന്നതിനും തീരുമാനമെടുത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലായെന്ന വിവിധ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശക്തമായ ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ലഹരിയുടെ ആവശ്യകത കുറച്ചുകൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ വ്യാപകമായി നടത്തിവരികയും ചെയ്യുന്നു. കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുവാനും പ്രസ്തുത മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കുവാനും ലക്ഷ്യമിട്ട് ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) 100

(സി) ഉണ്ട്. പഞ്ചായത്ത് മേഖലയിലുള്ള പൂട്ടിപ്പോയ നാല് ബാറുകൾ തുറന്നിട്ടുണ്ട്.

(ഡി) വിനോദസഞ്ചാര മേഖലകളിലെ പഞ്ചായത്തുകൾക്ക് ഇളവ് നൽകിയതിലൂടെ പൂട്ടിപ്പോയ ബാറുകൾ വീണ്ടും തുറന്നിട്ടില്ല.

**കശുവണ്ടി വികസന കോർപ്പറേഷന് മദ്യ ഉല്പാദന അനുമതി**

257 (5845) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുമാങ്ങയിൽനിന്നും (ഫെനി) മദ്യം ഉല്പാദിപ്പിക്കുന്നതിന് കശുവണ്ടി വികസന കോർപ്പറേഷൻ അനുമതി തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) കശുവണ്ടി വികസന കോർപ്പറേഷൻ അനുമതി തേടിയിട്ടില്ല.

**വിദേശ മദ്യ ഷാപ്പുകളിലെ വിജിലൻസ് പരിശോധന**

258 (5846) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ വിദേശ മദ്യ ഷാപ്പുകളിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണ്;

(സി) വിജിലൻസ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) കേരള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 29-4-2019-ൽ കെ.എസ്.ബി.സി.-യുടെ 48 എഫ്.എൽ.01 ചില്ലറ വില്പനശാലകളിൽ മിന്നൽ പരിശോധന നടത്തിയിരുന്നു. ടി മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

**വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന**

259 (5847) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന കൂടുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) നിലവിൽ എത്ര കമ്പനികളാണ് വിദേശമദ്യം വിതരണം ചെയ്യുന്നത് എന്നറിയിക്കാമോ;

(സി) ബെവ്കോ പ്രസ്തുത കമ്പനികൾക്ക് എത്ര ബ്രാന്റുകൾ വിതരണം ചെയ്യുന്നതിനുള്ള അനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ)20-8-2018 മുതൽ കെ.എസ്.ബി.സി.-യുടെ ചില്ലറ വില്പനശാലകളിൽ വിദേശ നിർമ്മിത വിദേശ മദ്യം/വിദേശ നിർമ്മിത വൈൻ എന്നിവയുടെ വില്പന ആരംഭിച്ചു. ടി തീയതിക്ക് ശേഷമുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly